# **<u>പത്രക്കുറിപ്പ്</u>**

16.02.2019

കോട്ടയം

കൺസ്ട്രക്ഷൻ ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനവും അഗതി രഹിത പദ്ധതിയിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടലും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെയ്സൺ ജോർജ് ഉദ്ഘാടനം ചെയ്തു.

കോട്ടയം: കടനാട് ഗ്രാമപഞ്ചായത്തും കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായി നടപ്പിലാക്കുന്ന കടനാട് സി.ഡി.എസിലെ കൺസ്ട്രക്ഷൻ ഗ്രൂപ്പ് അംഗങ്ങൾക്കുള്ള തൊഴിൽ പരിശീലന പരിപാടിയുടെ ഉദ്ഘാടനവും ,അഗതി രഹിത കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടലും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെയ്സൺ ജോർജ് നിർവഹിച്ചു.

കുടുംബശ്രീയുടെ നേതൃത്വത്തിൽ ആലപ്പുഴ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പരിശീന ഏജൻസിയായ എക്സാത്തുമായി

സഹകരിച്ചാണ് കൺസ്ട്രക്ഷൻ ഗ്രൂപ്പിന് വിദഗ്ദ പരിശീലനം നൽകുന്നത്. അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താവായ മുണ്ടൻ മുരിക്കേൽ എം.ആർ നാരായണനാണ് വീട് നിർമ്മിച്ച് നൽകുന്നത്.

കടനാട് ഐങ്കൊമ്പിൽ നടന്ന ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉഷാ രാജു, മെമ്പർമാരായ സാലി ജോസഫ്, ആന്റണി ഞാവള്ളിയിൽ, ട്രിസമ്മ തോമസ്, സണ്ണി മുണ്ടനാട്ട് ,ഷീലു കൊടൂർ, വി.ജി സോമൻ, പൗളിൻ ടോമി, ബിന്ദുബിനു,ലിസി സണ്ണി, ബിന്ദു സതീഷ് കുമാർ ,സി.ഡി.എസ് ചെയർപേഴ്സൺ പുഷ്പാ റെജി, വി.ഇ.ഒ സുനിത്ത് എക്സാത്ത് പരിശീലകനായ പി.വി രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ മിഷൻ കോർഡിനേറ്റർ